5/22/9 554

കേരള സർക്കാർ

സംഗ്രഹം

വനം വന്യജീവി വകുപ്പ് - കൃഷി നശിപ്പിക്കുന്ന കാട്ടാനക്കൂട്ടത്തെ കാട്ടിലേയ്ക്ക് ഓടിച്ചുവിടുന്നതിനായി അഞ്ച് ദ്രുതകർമ്മ സ്ക്വാഡുകൾ രൂപീകരിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (എഫ്) വകുപ്പ്

സ.ഉ (സാ) നം. 408/2011/വനം തിരുവനന്തപുരം, തീയതി: 16.09.2011.

---

പരാമർശം:- വന്യജീവി വിഭാഗം മുഖ്യവനപാലകന്റെ 23.08.2011-ലെ ഡബ്ള്യു. എൽ 4-5052/2011-ാം നമ്പർ കത്ത്

<u>ഉത്തരവ്</u>

ജനവാസ കേന്ദ്രങ്ങളിൽ കടന്ന് ജീവനും കൃഷിക്കും നാശനഷ്ടം വരുത്തുന്ന കാട്ടാനക്കൂട്ടത്തെ തിരികെ വനത്തിലേക്ക് ഓടിച്ചുവിടുന്നതിനായി താഴെപ്പറയുന്ന കാര്യങ്ങളിൽ ഉത്തരവ് പുറപ്പെടുവിക്കണമെന്ന് വന്യജീവി വിഭാഗം മുഖ്യ വനപാലകൻ പരാമർശത്തിലെ കത്തിലൂടെ അഭ്യർത്ഥിച്ചിരുന്നു.

1. നാട്ടിലിറങ്ങുന്ന കാട്ടാനകളെ വനത്തിലേക്ക് തുരത്തുന്നതിനായി നിലമ്പൂർ, വയനാട്, പാലക്കാട്, കണ്ണൂർ, റാന്നി എന്നീ വനമേഖലകൾ കേന്ദ്രീകരിച്ച് ദ്രുതകർമ്മ സ്ക്വാഡുകൾ അഞ്ചെണ്ണം സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകുക.
2. ദ്രുതകർമ്മ സ്ക്വാഡുകളിലേക്ക് നിയമിക്കുന്നതിനായി അഞ്ച് ഡെപ്യൂട്ടി റെയ്ഞ്ചർ, പത്ത് ഫോറസ്റ്റർ, ഇരുപത് ഫോറസ്റ്റ് ഗാർഡ്, പത്ത് ഡ്രൈവർ എന്നീ തസ്തികകൾ സൃഷ്ടിക്കുക.
3. ദ്രുത കർമ്മ സ്ക്വാഡുകളുടെ 2011-12 വർഷത്തെ പ്രവർത്തന ചെലവുകൾക്കായി ' 2406-01-800-56 ' എന്ന ശീർഷകത്തിൽ 22.76 ലക്ഷം രൂപ കൂടുതലായി അനുവദിക്കുക.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ നാട്ടിലിറങ്ങുന്ന കാട്ടാനകളെ വനത്തിലേയ്ക്ക് തുരത്തുന്നതിനായി നിലമ്പൂർ, വയനാട്,

പാലക്കാട്, കണ്ണൂർ, റാന്നി എന്നീ വനമേഖലകൾ കേന്ദ്രീകരിച്ച് ദ്രുതകർമ സ്ക്വാഡുകൾ അഞ്ചെണ്ണം സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. മേൽപറഞ്ഞിരിക്കുന്ന 2 ഉം, 3ഉം ആവശ്യങ്ങൾ സംബന്ധിച്ച് പ്രത്യേക ഉത്തരവ് പുറപ്പെടുവിക്കുന്നതാണ് .

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**സാജൻ പീറ്റർ**
പ്രിൻസിപ്പൽ സെക്രട്ടറി

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വന്യജീവി വിഭാഗം) , തിരുവനന്തപുരം,
ഡയറക്ടർ, പബ്ളിക് റിലേഷൻസ് വകുപ്പ് (മാധ്യമങ്ങളിലും സർക്കാർ വെബ്സൈറ്റിലും പ്രസിദ്ധീകരിക്കുന്നതിന്)
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (എ & ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം.
പൊതുഭരണ (എസ്. സി) വകുപ്പ്
ധനകാര്യ വകുപ്പ്
കരുതൽ ശേഖരം/ഓഫീസ് കോപ്പി.
പകർപ്പ് : വനംവകുപ്പു മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
വനം വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി. എ.യ്ക്ക്
അഡീഷണൽ സെക്രട്ടറിയുടെ സി. എ. യ്ക്ക്

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ